പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2521 — 12.03.2018-ൽ മറുപടിക്ക്

## ചെർക്കള-കല്ലടക്ക, ബദിയഡുക്ക-ഏത്തടുക്ക-സുള്ള്യപ്പദവ് റോഡുകളുടെ ശോചനീയാവസ്ഥ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിലെ ചെർക്കള - കല്ലടക്ക, ബദിയഡുക്ക-ഏത്തടുക്ക - സുള്ള്യപ്പദവ് റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശോചനീയാവസ്ഥ പരിഹരിക്കാൻ ഇതിനകം ചെയ്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;<br><br>(ബി) ഈ രണ്ട് റോഡുകൾക്കും ബജറ്റ് പ്രസംഗത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ; ഏത് വർഷത്തെ ബജറ്റ് പ്രസംഗത്തിലാണ് ഈ റോഡുകളുടെ പുനനിർമ്മാണത്തിന് തുക വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ; | ഉണ്ട്. 2016-17 ബഡ്ജറ്റിൽ കല്ലടുക്ക - ചെർക്കള റോഡിന് രണ്ട് റീച്ചുകളായി 30 കോടി രൂപയും 2017-18 ബഡ്ജറ്റിൽ ബദിയഡുക്ക - ഏത്തടുക്ക - സുള്ള്യപ്പദവ് റോഡിന് 28 കോടി രൂപയും കിഫ്ബിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിരുന്നു.<br><br>(എ) യും (ബി) യും<br><br><u>കല്ലടുക്ക - ചെർക്കള റോഡ്</u><br><br>രണ്ട് റീച്ചുകളിലായി ഈ റോഡ് മുഴവൻ പുനരുദ്ധരിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കല്ലടുക്ക - ചെർക്കള റോഡിൽ കി.മീ 33/000 മുതൽ 52/194 വരെയുള്ള റീച്ചിന് കിഫ്ബിയിൽ നിന്ന് 39.76 കോടി രൂപയുടെ ഫിനാൻഷ്യൽ സാംഗ്ഷൻ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ഈ പ്രവൃത്തി എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യുന്നതാണ്. രണ്ടാമത്തെ റീച്ചായ കല്ലടുക്ക - പെർള - ഉക്കിനടുക്ക (കിമീ. 23/227 മുതൽ 33/000 വരെ) റോഡിന്റെ ഡി.പി.ആർ കിഫ്ബിയുടെ ഫിനാൻഷ്യൽ സാംഗ്ഷനു വേണ്ടിയുള്ള സൂക്ഷ്മപരിശോധനയിലാണ്. ഈ റോഡിൽ അനുവദിച്ച അടിയന്തര അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു.<br><br><u>ബദിയടുക്ക - ഏത്തടുക്ക – സുള്ള്യപ്പദവ് റോഡ്</u><br><br>ഈ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ |

പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ റോഡ് നിലവിൽ ഗതാഗതയോഗ്യമാക്കുന്നതിന് എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്.

(സി) ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടാൽ സാധാരണ എത്ര സമയമെടുത്താണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തിയാക്കി റോഡു നിർമ്മാണം ആരംഭിക്കുക എന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികളുടെ സ്വഭാവവും തുകയുമനുസരിച്ച് ബഡ്ജറ്റ് പ്രസംഗം മുതൽ പ്രവൃത്തി ആരംഭിക്കുന്നത് വരെയുള്ള വിവിധ പ്രവൃത്തികളുടെ സമയദൈർഘ്യം വ്യത്യസ്തമാണ്.

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ആരംഭിക്കാൻ വൈകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കിഫ്ബി വരുന്നതിനു മുമ്പ് ബജറ്റിൽ പ്രസംഗത്തിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ ആരംഭിക്കാൻ ഇത്രയും കാലതാമസം എടുത്തിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) മുകളിൽ പറഞ്ഞ രണ്ട് റോഡുകളുടെയും പണി ആരംഭിക്കാനുള്ള താമസം കിഫ്ബി നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടതാണോ എന്ന് വ്യക്തമാക്കാമോ;

(ജി) എങ്കിൽ കിഫ്ബി നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(ഡി) യും (ഇ) യും (എഫ്) ഉം (ജി) യും കിഫ്ബിയിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ എല്ലാം തന്നെ 10 കോടി രൂപയ്ക്കു മുകളിൽ പദ്ധതി അടങ്കലുള്ളവയാണ്. ആയതിനാൽ കിഫ്ബി പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി കൃത്യമായ ഡി.പി.ആർ തയ്യാറാക്കേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്താൻ പലപ്പോഴും ഏജൻസികളെ ലഭിക്കാറില്ല. കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിക്കാൻ പരിശോധന നടത്തുകയും ബോർഡ് യോഗം കൂടുകയും ചെയ്യേണ്ടതുണ്ട്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുമുണ്ട്. കൂടാതെ വിവിധ ഘട്ടങ്ങളിൽ വിശദമായ പരിശോധനകളുമുണ്ട്. ഇവ പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണത്തിനായി മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ അനിവാര്യമാണ് എന്നതാണ് കിഫ്ബി-യുടെ തീരുമാനം.

സെക്ഷൻ ഓഫീസർ